TRIPPUNITTURA CANAL

*92. [27] **Sri. K. W. Muralidhara Marar:** ‡ Will the hon'ble Minister for Public Works and Communications be pleased to state,—

(*a*) when the Government expect to complete the work of the Trippunittura Canal; and

(*b*) the reasons for the delay in completing the work?

Minister for Public Works and Communications **(Sri. E. John Philipose)**

(*a*) The work is in progress and is proposed to be completed by the next financial year.

(*b*) The delay is due to the acquisition of some lands for dumping earth.

APPOINTMENT AS TEACHERS

*93. [28] **Sri. Paul Thaliath:** Will the hon'ble Minister for Education be pleased to state.—

(*a*) the names of the private secondary school Managers, who requested the Government or the Department to secure the services of qualified hands for appointment as teachers in their schools;

(*b*) the number of applications so far received from qualified hands; and

(*c*) the number so far appointed, with the names of the schools concerned?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) The names of the managers of Private Secondary Schools who requested the Department for qualified teachers for their schools are given below:

The Managers of: 1. E. H. S., Balaramapuram;
2. „ Mayyanad;
3. „ Mezhuveli;
4. S. N. V. E. H. S., Nedumganda;
5. E. H. S., Karamveli;
6. St. George's H. S., Arakunnam;
7. Edava Muslim H. S., Venkulam and
8. E. H. S., Chiraynkil.

(*b*) The number of applications so far received from qualified hands is 200 from graduates and 3,000 from non-graduates.

(*c*) The Managers concerned were given copies of list of applicants for selection of candidates. The number selected and appointed so far has not yet been received.

ശ്രീ. പാഠം തളിയത്തു്: ഇതിനുമുമ്പു് ഏതെങ്കിലും സ്കൂളിൽനിന്നു യോഗ്യതയുള്ള ആളുകളെ ഗവണ്മെണ്ടു് തെരഞ്ഞെടുത്തുകൊടുക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നിശ്ചയമില്ല. സൂക്ഷ്മമായി പറയണമെങ്കിൽ നോട്ടീസുവേണം.

Sri. A. Thanu Pillai: How many hands did these managers altogether ask for?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ സ്കൂളിലും ഒന്നും രണ്ടും അദ്ധ്യാപകന്മാരുടെ കുറവുണ്ടു്.

ശ്രീ. പാഠം തളിയത്തു്: മാനേജ്മെൻറിൽനിന്നുതന്നെ അപേക്ഷകരെ ക്ഷണിച്ചു് ആളുകളെ നിയമിക്കാൻ സാധിക്കാഞ്ഞിട്ടാണോ ഗവണ്മെണ്ടിനോടു് ആവശ്യപ്പെട്ടിട്ടുള്ളതു്?

‡ Put by Sri. A. M. Thomas with permission, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമപ്രകാരം യോഗ്യതയുള്ള ആളുകളെ സമ്പാദിക്കാൻ ശ്രമിച്ചിട്ട് ചില മാനേജ്മെണ്ടുകൾക്ക് സാധിച്ചിട്ടില്ല. അങ്ങിനെവരുന്ന അവസരത്തിൽ അവരുടെ സ്കൂളുകൾക്ക് അംഗീകാരം നൽകാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഈ എട്ട് സ്കൂളുകളിലെ മാനേജ്മെൻറുകൾ ഗവൺമെണ്ടിൽനിന്നുതന്നെ യോഗ്യതയുള്ള ആളുകളെ തിരഞ്ഞെടുത്തു കൊടുക്കണമെന്ന ആവശ്യപ്പെടുകയുണ്ടായി. ഗവൺമെണ്ടിൽനിന്നും യോഗ്യതയുള്ള ആളുകളുടെ അപേക്ഷകൾ വാങ്ങിച്ച് ആ മാനേജ്മെൻറുകൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

ശ്രീ. പാറം തളിയത്ത്: ഗവൺമെണ്ടിൽനിന്നും അങ്ങിനെ അയച്ചുകൊടുത്തിട്ടുള്ള അപേക്ഷകളെല്ലാം നിശ്ചിത യോഗ്യതകൾ ഉള്ളവരുടേതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൊടാതെ അതു് സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. യു. കെ. വാസുദേവൻ ആശാരി: ഡിപ്പാർട്ടുമെൻറിൽനിന്നും അയച്ചുകൊടുത്തിട്ടുള്ള ലിസ്റ്റനുസരിച്ച് മെമ്മോ അയച്ചാൽ ആളുകൾ ഉദ്യോഗത്തിനു ഹാജരാകാറില്ലെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഉണ്ടായിട്ടുണ്ടോ എന്നറിവില്ല.

BOAT ACCIDENTS

*94. [29] **Sri. Paul Thaliath**: Will the hon'ble Minister for Public Works and Communications be pleased to state.—

(*a*) whether it has come to the notice of the Government, the leading article in the Hindu, with the heading 'Boat Accident';

(*b*) whether it is a fact that boat accidents are on the increase in the State; and

(*c*) whether the Government propose to take measures to prevent such accidents in future?

Minister for Public Works and Communications **(Sri. E. John Philipose)**:

(*a*) Yes.

(*b*) It cannot be said that Boat accidents are on the increase.

(*c*) Government have certain proposals for consideration.

ശ്രീ. പാറം തളിയത്ത്: ആ പ്രപ്പോസൽസ് എന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു മുഴുവനായി കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പാറം തളിയത്ത്: കണ്ടക്ടറന്മാർ, ഡ്രൈവറന്മാർ മുതലായവരുടെ പരിചയക്കുറവുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നുള്ള കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഡ്രൈവറന്മാർക്കും കണ്ടക്ടറന്മാർക്കും മറ്റും ചില നിശ്ചിതയോഗ്യതകൾ ഉണ്ട്. കൂടാതെ തെരഞ്ഞെടുപ്പിനു പ്രത്യേകിച്ച് ടെസ്റ്റും നടത്തുന്നുണ്ട്.

ശ്രീ. പാറം തളിയത്ത്: അതുകൊണ്ടും മതിയാകാത്തതുകൊണ്ടാണ് ഇമ്മാതിരി അപകടങ്ങൾ ഉണ്ടാകുന്നതെന്നു് ഗവൺമെണ്ടു് മനസ്സിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly